പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.147 — 04.06.2018-ൽ മറുപടിക്ക്

ചോദ്യം — മറുപടി

ശ്രീ.സി.കെ.ശശീന്ദ്രൻ — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | |
|---|---|---|
| എ) | കേരളത്തിലെ പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ആകെ എണ്ണം എത്ര എന്ന് വെളിപ്പെടുത്താമോ; | കേരള പോലീസിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ആകെ എണ്ണം 2444 ആണ്. |
| ബി) | ഈ വിഭാഗം ജീവനക്കാരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | മിനിസ്റ്റീരിയൽ ജീവനക്കാരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി വിവിധ വിഭാഗങ്ങളിലായി 337 തസ്തികകൾ സൃഷ്ടിക്കുന്നതിനും 17 തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുമായും, പോലീസ് സ്റ്റേഷനുകളെ സർവ്വീസ് ഡെലിവറി സെന്ററുകൾ ആക്കുന്നതിനുമായി ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർ ആയിട്ടുള്ള പോലീസ് സ്റ്റേഷനുകളിൽ ഒരു ക്ലാർക്ക് തസ്തിക വീതം സൃഷ്ടിക്കുന്നതും സംബന്ധിച്ചത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പോലീസ് മേധാവിയിൽ നിന്നും ലഭ്യമായത് പരിശോധിച്ചു വരുന്നു. കൂടാതെ കാലാകാലങ്ങളിൽ ആവശ്യാനുസരണം വിവിധ മിനിസ്റ്റീരിയൽ വിഭാഗങ്ങളിലായി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |
| സി) | മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം സേനാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണെന്ന അഭിപ്രായമുണ്ടോ എന്നറിയിക്കാമോ? | നിലവിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം സേനാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമല്ല. ആയതിനാലാണ് വിവിധ വിഭാഗങ്ങളിലായി തസ്തിക സൃഷ്ടിക്കുന്നതിനും നിലവിലെ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനുമായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നത്. ഇക്കാര്യത്തിൽ, സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥയാണ് വിഘാതമായി നിലകൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ